# സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് ഇന്നൊവേഷൻ അവാർഡ്

Mathrubhumi-15/03/2023



സംസ്ഥാന സർക്കാരിന്റെ യൂത്ത് ഇന്നൊവേഷൻ അവാർഡ് പാത്താമുട്ടം സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസിനുവേണ്ടി പ്രിൻസിപ്പൽ ഡോ. കെ.കെ. ജോണും സെയിന്റ് ഗിറ്റ്സ് എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. ജോസഫ് കുഞ്ഞുപോളും ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയനിൽനിന്ന് ഏറ്റുവാങ്ങുന്നു. മന്ത്രി പി. രാജീവ്, വി.കെ. പ്രശാന്ത് എം.എൽ.എ. എന്നിവർ സമീപം

**കോട്ടയം** ▸ കേരള ഗവൺമെന്റിന് കീഴിലുള്ള കെ.ഡിസ്കിന്റെ 2021-22-ലെ ഇന്നൊവേഷൻ അവാർഡിന് പാത്താമുട്ടം സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് അർഹരായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും സമ്മാനിച്ചു. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. വൈ.ഐ.പി. 4.0 പദ്ധതിയിൽ കോളേജിലെ 350 വിദ്യാർഥികൾ, സഞ്ചു പി.ചെറിയാൻ, രശ്മി ജി. നായർ എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് 400-ലധികം നൂതന ആശയങ്ങൾ സമർപ്പിച്ചത്. കോളേജിലെ കോർപ്പറേറ്റ് ഇക്കണോമിക്സും ഐ.ക്യു.എ.സി.യും ചേർന്ന് നടത്തിയ വെബിനാറിൽ വൈ.ഐ.പി.യുടെ മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ ഇത് സംബന്ധിച്ച നിർദേശങ്ങൾ കോളേജിന് നൽകി.

സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് എൻജിനീയറിങ്, എൻജിനീയറിങ് കോളേജ് വിഭാഗത്തിൽ രണ്ടാംസ്ഥാനത്തിനുള്ള പ്രശസ്തിപത്രം മന്ത്രി പി. രാജീവിൽനിന്ന് ഏറ്റുവാങ്ങി. മുഖ്യസഹായകനായ സഞ്ചു പി.ചെറിയാൻ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനത്തിനുള്ള സർട്ടിഫിക്കറ്റും 25,000 രൂപയുടെ കാഷ് അവാർഡും മന്ത്രി പി. രാജീവിൽനിന്ന് ഏറ്റുവാങ്ങി.

സെയിന്റ് ഗിറ്റ്സ് എക്സിക്യൂട്ടീവ് ചെയർമാൻ പുന്നൂസ് ജോർജ്, സെയിന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് പ്രിൻസിപ്പൽ ഡോ. കെ.കെ. ജോൺ, എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. ജോസഫ് കുഞ്ഞുപോൾ, സഞ്ചു പി. ചെറിയാൻ, ചിൻമോഹൻ, ഐ.ക്യു.എ.സി. കോ-ഓർഡിനേറ്റർ അനു സഖറിയ, ബൈജു കെ.സാമുവേൽ, രശ്മി ജി.നായർ എന്നിവർ പങ്കെടുത്തു.